## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2205   18.07.2016-ൽ മറുപടിയ്ക്ക്

# റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർ വൽക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മോൻസ് ജോസഫ് | ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണ സംവിധാനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്ത് എത്ര വില്ലേജോഫീസുകൾ ഡിജിറ്റലൈസ് ചെയ്തുവെന്നും ഇനി എത്ര വില്ലേജോഫീസുകൾ ഡിജിറ്റലൈസ് ചെയ്യുവാനുണ്ടെന്നും ഇവ എന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ? | (എ) നാഷണൽ ഇ-ഗവേണൻസ് (NeGP) പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി റവന്യൂ വകുപ്പിൽ നിന്നും അനുവദിക്കുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ വില്ലേജ് ഓഫീസറുടെ /തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈൻ ആയി നൽകി വരുന്നു. സംസ്ഥാനത്തെ എല്ലാ വില്ലേജ്, താലൂക്ക് ഓഫീസുകളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും, റവന്യൂ ഡിവിഷണൽ ഓഫീസുകളിലും, താലൂക്ക് ഓഫീസുകളിലും ഇലക്ട്രോണിക് ഫയൽ പ്രോസസ്സിംഗ് & മാനേജ്മെന്റ് സിസ്റ്റമായ 'ഇ-ഓഫീസ്' നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.<br>നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (NIC) സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുള്ള റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം(റെലിസ്) എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് വില്ലേജ് റെക്കോർഡുകളുടെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കി വരുന്നു. പ്രസ്തുത സോഫ്റ്റ് വെയർ ഉപയോഗിച്ച് സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 724 എണ്ണത്തിൽ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR) ഡിജിറ്റൈസ് ചെയ്തു |

കഴിഞ്ഞിട്ടുണ്ട്. ഇവയിൽ 531 എണ്ണത്തിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ബാക്കിയുള്ള 940 വില്ലേജുകളിലേയും ഭൂരേഖകൾ ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്യാൻ സാധിക്കുന്നതാണ്.

| | | | |
|---|---|---|---|
| **(ബി)** | വസ്തുകരം ഒടുക്കുന്നതിന് കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുമോ; ഇതു സംബന്ധിച്ചുണ്ടായിട്ടുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ വിശദമാക്കാമോ? | **(ബി)** | ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടക്കുന്നതിനുള്ള സൗകര്യം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരണത്തിലെത്തുന്നതോടെ പൊതുജനങ്ങളിൽ നിന്നും സർക്കാരിലേക്ക് പിരിഞ്ഞുകിട്ടേണ്ട ഭൂനികുതി ഒരു വ്യക്തിക്ക് സ്വന്തം കമ്പ്യൂട്ടറിന്റെ/മൊബൈൽഫോണിന്റെ സഹായത്താൽ വീട്ടിലിരുന്നുതന്നെ ഒടുക്കാൻ കഴിയും. വില്ലേജിലെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുതിനുശേഷമെ ഈ സംവിധാനം നടപ്പിലാക്കാൻ കഴിയുകയുള്ളൂ എന്നതു മാത്രമാണ് ഇക്കാര്യത്തിൽ പ്രായോഗികതലത്തിലുണ്ടാകുന്ന തടസ്സം. |

സെക്ഷൻ ഓഫീസർ